**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പാലക്കാട് നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. വിജയനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2336/2016/തസഭവ. തീയതി, തിരുവനന്തപുരം, 03.08.2016.

===================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.06.2013 തീയതിയിലെ ഇ9(എസ്സി1/2013/പി.കെ.ഡി) 38191/2012 നമ്പർ കത്ത്.
2) പാലക്കാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. വിജയന് നൽകിയ 05.11.2014 തീയതിയിലെ 72159/ഇയു1/13/ തസ്വഭവ. നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് ശ്രീ. ശ്രീ. പി. വിജയൻ സമർപ്പിച്ച 02.02.2015 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 20.02.2016 തീയതിയിലെ വി2-20728/14 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭയിലെ വാർഡ് നം.4 സർവ്വേ നം. 1590/30 (റീ.സർവ്വേ നം. 4/30)-ൽ അനധികൃത കെട്ടിട നിർമ്മാണം നടത്തുന്നതായി അയൽവാസിയായ ശ്രീമതി. ബീവിജന്റെ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റ് പാലക്കാട് നഗരസഭയിൽ 01.02.2013 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

"ശ്രീ. നാസർ സമർപ്പിച്ച ബിൽഡിംഗ് പ്ലാൻ 'One day permit' സ്കീമിൽ ഉൾപ്പെടുത്തി നഗരസഭ അംഗീകാരം നൽകിയിരുന്നു. 'One day permit' സ്കീമിൽ ഉൾപ്പെടുത്തി നൽകുന്ന കെട്ടിട നിർമ്മാണത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിനുള്ള ഉത്തരവാദിത്വം കെട്ടിട ഉടമയ്ക്കും ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർക്കുമാണ്. അനധികൃത നിർമ്മാണം സംബന്ധിച്ച പരാതി ലഭ്യമായപ്പോൾ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നഗരസഭാ സെക്രട്ടറി പബ്ലിക്ക് വർക്ക് ഓവർസിയറെ ചുമതലപ്പെടുത്തിയതിന്റെ

അടിസ്ഥാനത്തിൽ ടിയാൻ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിർമ്മാണം കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് ലംഘിച്ചിട്ടുള്ളതായ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറി കെട്ടിട ഉടമക്ക് സ്റ്റോപ്പ് മെമ്മോ നൽകുകകയും, അനധികൃത നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തു. ആയതിനു ശേഷം ഇക്കാര്യത്തിൽ യാതൊരു തുടർ നടപടിയും കൈക്കൊണ്ടിരുന്നില്ല. ഇക്കാര്യത്തിൽ വിജിലൻസ് നടത്തിയ സ്ഥലപരിശോധനയിൽ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിലെ ലംഘനങ്ങൾ കണ്ടെത്തിയിരുന്നു. മാത്രമല്ല കെട്ടിട ഉടമ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭ്യമാകാതെ കെട്ടിടത്തിൽ താമസം തുടങ്ങിയതായും കണ്ടെത്തിയിട്ടുണ്ട്.

2) ഇത്തരത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ ചട്ടപ്രകാരം അധികാരമില്ലാത്ത സർക്കിൾ ഇൻസ്പെക്ടറോട് നടപടി കൈക്കൊള്ളുന്നതിന് ആവശ്യപ്പെട്ട ശേഷം . ഇക്കാര്യത്തിൽ തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനധികൃത നിർമ്മാണം നിർത്തി വയ്ക്കുന്നതിനുള്ള തുടർ നടപടി കൈക്കൊള്ളാതിരുന്നതിന് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി.വിജയനെതിരെ അച്ചടക്ക നടപടി കൈക്കൊള്ളുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ഒന്നാം പരാമർശിത കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും രണ്ടാം പരാമർശിത കുറ്റപത്രം നൽകുകയുമുണ്ടായി.

3) ടി കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. പി. വിജയൻ സമർപ്പിച്ച മൂന്നാം പരാമർശിത പ്രതിവാദ പത്രികയിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. നാസർ, വെണ്ണക്കര, പാലക്കാട് എന്നയാളിന് വാസഗൃഹ നിർമ്മാണത്തിന് വൺഡേ പെർമിറ്റ് സ്കീം പ്രകാരം നഗരസഭയിൽ നിന്നും പെർമിറ്റ് നൽകിയിരുന്നു. വൺഡേ (One day) പെർമിറ്റ് സ്കീം പ്രകാരമുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണവേളയിൽ ചട്ടങ്ങൾ പാലിക്കുന്നതിനുള്ള ഉത്തരവാദിത്വം കെട്ടിട ഉടമയ്ക്കും ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർക്കുമാണ്. ശ്രീ. നാസർ പ്രസ്തുത കെട്ടിടനിർമ്മാണാനുമതി വാങ്ങിയ ശേഷം സമീപവാസിയായ ശ്രീമതി. ബീവിജാൻ (നക്ഷത്ര, വെണ്ണക്കര, നൂറണി. പാലക്കാട്) എന്നവർ തന്റെ വീടിനോട് ചേർന്ന് അനധികൃത നിർമ്മാണം നടത്തുന്നുവെന്ന് ആരോപിച്ചുകൊണ്ട് 06.08.2012 ന് നഗരസഭയിൽ പരാതി നൽകുകയും ആയത് തൊട്ടടുത്ത ദിവസം അന്വേഷണ റിപ്പോർട്ടിനായി പ്രസ്തുത വാർഡിന്റെ ചുമതലയുള്ള ഓവർസിയർക്ക് നൽകുകയും ടിയാൻ കെ.എം.ബി.ആർ 24(5) ന്റെ ലംഘനത്തോടെ നിർമ്മാണം നടത്തുന്നതായി റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത നിർമ്മാണം നിർത്തിവെക്കുന്നതിന് സ്റ്റോപ്പ്. നോട്ടീസ് നൽകാമെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറും, എക്സിക്യൂട്ടീവ് എഞ്ചിനീയറും 24.08.2012 ശുപാർശ ചെയ്തത് സെക്രട്ടറി അംഗീകരിച്ച് നോട്ടീസ് നൽകുകയുമുണ്ടായി. എന്നാൽ പ്രസ്തുത നിർമ്മാണം തുടരുന്നതായി കാണിച്ച് ശ്രീമതി. ബീവിജാൻ 05.11.2012-ന് വീണ്ടും പരാതി നൽകിയതിനാൽ അന്നുതന്നെ സ്ഥലം പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകി. നേരത്തേ നൽകിയ നോട്ടീസിന് മറുപടി നൽകുകയോ നിർമ്മാണം നിർത്തി വെക്കുകയോ ചെയ്യാതെ പ്രവൃത്തി

തുടരുന്നതായും ആയതിനാൽ പോലീസ് സഹായം തേടാമെന്നും റിപ്പോർട്ട് ചെയ്തതിന്റെയും, സ്റ്റോപ്പ് നോട്ടീസ് നൽകുന്നതിനും പോലീസിന് കത്തു നൽകുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറും, എക്സിക്യൂട്ടീവ് എഞ്ചിനീയറും ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിലാണ് അത്തരത്തിൽ പ്രവർത്തിച്ചിട്ടുള്ളത്.

തുടർന്ന് ശ്രീ. നാസർ പണി നിർത്തിയതായി കാണുന്നുണ്ടെന്നും നഗരസഭയിൽ നിന്നും പെർമിറ്റ് വാങ്ങിയ ശേഷം കെട്ടിടത്തിന്റെ ജമ സ്വന്തം പേരിൽ മാറ്റിയതായും ജമ റദ്ദ് ചെയ്യുന്നതിന് ഫയൽ റവന്യു സെക്ഷന് നൽകാമെന്നും 26.02.2013-ന് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്ത വിവരവും അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി 2013 ജനുവരിയിൽ ആർ3-66786/12 നമ്പർ ഫയൽ പ്രകാരം 22/464 എന്ന കെട്ടിടം നാസർ തന്റെ പേരിലേക്ക് ജമ മാറ്റി കെ.എസ്.ഇ.ബി. കണക്ഷൻ എടുത്ത വിവരം റിപ്പോർട്ട് ചെയ്തതിനൊപ്പം അപ്രകാരം ഓഫീസിനെ തെറ്റിദ്ധരിപ്പിച്ച് നടത്തിയ ജമ മാറ്റം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ രേഖപ്പെടുത്തുകയുമുണ്ടായി. അതു പ്രകാരം പ്രസ്തുത ജമമാറ്റം റദ്ദു ചെയ്യുന്നതിന് റവന്യു ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പിഡബ്ല്യു-4 സെക്ഷനിൽ നിന്നും പരാതി ഫയൽ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചും ഫയലിൽ 24.09.2013 ന് ഉത്തരവാകുകയുമുണ്ടായി.

മേൽ പ്രകാരം നടപടി തുടരവെ 30.01.2014 ലെ സർക്കാർ ഉത്തരവനുസരിച്ച് കോർപ്പറേഷൻ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകി തൃശ്ശൂർ ഡെവലപ്പ്മെന്റ് അതോറിറ്റി സെക്രട്ടറിയായി താൻ നിയമിതനായെന്നും പാലക്കാട് നഗരസഭയിൽ സെക്രട്ടറിയായിരിക്കവെ മേൽ അനധികൃത നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് നടപടി കൈക്കൊള്ളാതിരുന്നിട്ടില്ലെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടും ശുപാർശയും പരിഗണിച്ച് അതിനുസൃതമായ നടപടികൾക്ക് ഉത്തരവായിരുന്നുവെന്നും മറുപടിയിൽ ശ്രീ.പി. വിജയൻ സൂചിപ്പിച്ചിട്ടുണ്ട്. നടപടിയുടെ ഭാഗമായി കീഴുദ്യോഗസ്ഥൻ പോലീസ് സഹായം തേടുന്നത് ഫയലിൽ ആവശ്യപ്പെടുകയുണ്ടായി. കേരള മുനിസിപ്പൽ ആക്ട് വകുപ്പ് 550 (ബി) പ്രകാരം അത്തരത്തിൽ നഗരസഭ ആവശ്യപ്പെട്ടാൽ സഹായിക്കുക എന്നത് പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യമായി അനുശാസിച്ചിട്ടുള്ളതിനാൽ പോലീസ് സഹായം ആവശ്യപ്പെട്ടത് വീഴ്ചയോ ക്രമക്കേടോ അല്ല എന്നതിനാൽ, തന്നെ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചു.

4) മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ നാലാം പരാമർശിത കത്ത് പ്രകാരം അറിയിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ. പി. വിജയൻ പാലക്കാട് നഗരസഭാ സെക്രട്ടറിയായി ചാർജ്ജെടുത്ത 21.06.2012 നു തന്നെ നഗരസഭാ സെക്രട്ടറിയുടെ അധികാരങ്ങൾ ജി1-6772/09 നമ്പർ ആയി കേരള മുനിസിപ്പാലിറ്റി നിയമം 50(2) ചട്ട പ്രകാരം വിഭജിച്ചു നൽകുകയും ആയതിൽ `അനധികൃത കെട്ടിടനിർമ്മാണത്തിനെതിരായ നടപടിയുടെ ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.എൻ.ആർ.സോമന് നൽകിയിട്ടുള്ളതുമാണ്. ശ്രീ. പി. വിജയൻ സ്ഥാനക്കയറ്റം ലഭിച്ച് സ്ഥലം മാറി പോയത്. സെക്രട്ടറിയുടെ ചുമതല നഗരസഭാ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. എൻ. ആർ. സോമന്

കൈമാറിയ ശേഷമാണ് എന്നും കാണുന്നു. പരാതിക്കാധാരമായ കെട്ടിട നിർമ്മാണ ചട്ടലംഘനത്തിന്റെ സംഗതിയിൽ മുൻ സെക്രട്ടറി ശ്രീ. പി. വിജയൻ സ്വീകരിച്ചിട്ടുള്ളതിൽ കവിഞ്ഞ് എന്തെങ്കിലും നടപടികൾ തുടർന്നും ഫലപ്രദമായി സ്വീകരിച്ചിട്ടില്ല എന്നാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. ആയതിനാൽ തന്നെ ടി പരാതിക്ക് ഇപ്പോഴും പരിഹാരമായിട്ടില്ലാത്തതുമാണ്. പാലക്കാട് നഗരസഭയിലെ ബന്ധപ്പെട്ട വിഡബ്ല്യു 4-40537/12 നമ്പർ ഫയൽ പരിശോധിച്ചതിൽ മേൽ പ്രകാരം ബന്ധപ്പെട്ട കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. പി. വിജയൻ കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടിയിൽ കാണിച്ച വിവരങ്ങൾ വസ്തുതാപരവും പരിഗണനാർഹവും ആണെന്നതിനാലും ടിയാന്റെ ഭാഗത്തു നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിൽ ഗുരുതരമായ വീഴ്ച എന്തെങ്കിലും ഉണ്ടായിട്ടുണ്ടെന്ന നിഗമനത്തിൽ എത്താൻ കഴിയാത്തതിനാലും ടിയാനെ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കി തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പാലക്കാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. വിജയൻ സമർപ്പിച്ച മറുപടിയും പരിഗണിച്ചും ടിയാന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലും, ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ. എം.കെ.,
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, പാലക്കാട് നഗരസഭ
ശ്രീ. പി. വിജയൻ, സെക്രട്ടറി, പാലക്കാട് നഗരസഭ.
വിജിലൻസ് വകുപ്പ് (08.04.2016 തീയതിയിലെ 3846/ഡി1/2016/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ